**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com

**അപ്പീൽ പരാതി നമ്പർ : P/075/2022**

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഡിസംബർ 23, 2022**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. P.P. കിഷോർ കുമാർ,<br>ശ്രീശൈലേശ്വരി നിലയം,<br>കീഴരിത്താഴെ, കാട്ടിലപീഡികാ,<br>വെങ്ങളം പി.ഒ.,<br>കോഴിക്കോട് ജില്ല - 673302 |
| എതിർകക്ഷി | : | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ.ഇ.ബി. ലിമിറ്റഡ്, കൊയിലാണ്ടി നോർത്ത്<br>കോഴിക്കോട് ജില്ല. |

# ഉത്തരവ്

## പരാതിയുടെ ചുരുക്കം

പരാതിക്കാരനായ ശ്രീ. P.P. കിഷോർ കുമാർ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻെറ കീഴിലെ ഒരു ഉപഭോക്താവാണ്. ലൈസൻസി (KSEB) പരാതിക്കാരൻെറ പറമ്പിലൂടെ അനധികൃതമായി അദ്ദേഹത്തിൻെറ സമ്മതമില്ലാതെ വൈദ്യുതി കണക്ഷൻ സർവ്വീസ് വയർ വലിച്ചു എന്നതാണ് പരാതിയ്ക്കാധാരമായ കാരണം. അവിടെ ഉണ്ടായിരുന്ന ഇലക്ട്രിക് പോസ്റ്റ് ഒടിഞ്ഞതിനാൽ പകരം സ്ഥാപിച്ചത് 1½ മീറ്റർ മാറിയെന്നും അതിനാൽ അയൽപക്കത്തേയ്ക്കുള്ള സർവ്വീസ് വയർ അദ്ദേഹത്തിൻെറ പറമ്പിലേക്ക് അധികമായി പ്രവേശിച്ചെന്നും അത് ഇപ്പോൾ വിറകുപുരയോടും മറ്റും വളരെ ചേർന്നാണ് പോകുന്നതെന്നും പരാതിയിൽ പറയുന്നു. പലതവണ ലൈസൻസിയുടെ വിവധ തലത്തിലുള്ള ഉദ്യോഗസ്ഥന്മാർക്കും പരാതി നൽകിയിട്ടും ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പരാതിക്കാരൻ CGRF(NR)-ന് പരാതി നൽകുകയും, CGRF(NR) പരാതികേട്ട ശേഷം

ഉത്തരവ് ഇറക്കുകയും ചെയ്തു. പരാതിക്കാരൻെറ ചെലവിൽ പോസ്റ്റും ലൈനും മാറ്റി സ്ഥാപിച്ച് പരാതി പരിഹരിക്കുവാനാണ് CGRF-ൻെറ ഉത്തരവിൽ പറയുന്നത്.

CGRF-ൻെറ ഉത്തരവിന് അപ്പീലായിട്ടാണ് പരാതിക്കാരൻ ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

**<u>പരാതിക്കാരൻെറ വാദം</u>**

പരാതിക്കാരൻെറ അയൽവാസിയായ ശ്രീ. ചന്ദ്രൻെറ വീട്ടിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ സർവ്വീസ് വയർ തൊട്ടടുത്തുള്ള ശ്രീ ബാബുവിൻെറ പറമ്പിലുള്ള പോസ്റ്റിൽനിന്നും പരാതിക്കാരൻെറ പറമ്പിലുള്ള കന്മതിലിൻെറ തെക്കു-കിഴക്കെ മൂലയിലൂടെയാണ് കടന്നു പോയിരുന്നത്. അവിടെ ഉണ്ടായിരുന്ന ഇലക്ട്രിക് പോസ്റ്റ് ഒടിഞ്ഞതിനാൽ പകരം സ്ഥാപിച്ചത് 1½ മീറ്റർമാറിയെന്നും അതിനാൽ അയൽപക്കത്തേയ്ക്കുള്ള സർവ്വീസ് വയർ അദ്ദേഹത്തിൻെറ പറമ്പിലേക്ക് അധികമായി പ്രവേശിച്ചെന്നും അത് ഇപ്പോൾ വിറകുപുരയോടും കുളിമുറിയോടും വളരെ ചേർന്നാണ് പോകുന്നതെന്നും പരാതിയിൽ പറയുന്നു.

ഈ സർവീസ് ലൈൻ മാറ്റി മതിലിനു പുറത്തുകൂടെ പഴയ രീതിയിൽ പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പലതവണ ലൈസൻസിയുടെ(KSEB) വിവധ തലത്തിലുള്ള ഉദ്യോഗസ്ഥന്മാർക്കും പരാതി നൽകിയിട്ടും ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

തുടർന്ന് പരാതിക്കാരൻ CGRF(NR) ന്, തൻെറ അറിവോ സമ്മതമോ കൂടാതെ പറമ്പിന് കുറുകെ വലിച്ച വൈദ്യുതി കണക്ഷൻ പഴയ രീതിയിൽ പുന:സ്ഥാപിച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതി നൽകുകയുണ്ടായി.

CGRF(CR) പരാതികേട്ട ശേഷം, പരാതിക്കാരൻെറ ചെലവിൽ പോസ്റ്റും ലൈനും മാറ്റി സ്ഥാപിച്ച് പരാതി പരിഹരിക്കുവാനാണ് CGRF-ൻെറ 13-09-2022 ഉത്തരവിൽ പറയുന്നത്. പരാതിക്കാരൻെറ അറിവോ സമ്മതമോ കൂടാതെ അയൽവീടുകളിലേയ്ക്ക് തൻെറ പറമ്പിന് കുറുകെ വലിച്ച വൈദ്യുതി കണക്ഷൻ മാറ്റി സ്ഥാപിയ്ക്കാനായി തൻെറ പരാതിയിന്മേൽ പരാതിക്കാരനോടുതന്നെ പണമടച്ച് പോസ്റ്റ് സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടത് സ്വാഭാവിക നീതിക്കു വിപരീതമാണെന്നു വിശ്വസിക്കുകയും, പരാതിക്കാരന് സാരമായ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുമെന്നും അപ്പീലിൽ ബോധിപ്പിക്കുന്നു.

CGRF-ൻെറ ഉത്തരവ് റദ്ദ് ചെയ്ത്, പരാതിക്കാരൻെറ പറമ്പിലൂടെ കടന്നുപോവുന്ന സർവ്വീസ് ലൈൻ മാറ്റി സ്ഥാപിക്കാനവശ്യമായ നടപടികളും ചിലവും വഹിക്കാൻ KSEB അധികൃതർക്ക് നിർദ്ദേശം നൽകുവാനുമാണ് പരാതിക്കാരൻ ഈ അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ളത്.

## എതിർകക്ഷിയുടെ വാദം

ശ്രീ. ചന്ദ്രൻെറ വീട്ടിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ സർവ്വീസ് വയർ പരാതിക്കാരൻെറ വീടിനടുത്തായി നിർമ്മിച്ചിട്ടുള്ള ബാത്റൂമിൻെറ മുകളിലൂടെയാണ് കാണപ്പെടുന്നത്. ശ്രീ. ചന്ദ്രൻ സർവ്വീസ് കണക്ഷൻ എടുത്തിട്ടുള്ളത് 10-08-1994-ൽ ആണ്. ശ്രീ. ചന്ദ്രൻ.കെയുടെ കുടുംബത്തോട് സർവ്വീസ് വയർ മാറ്റുന്നത് സംബന്ധിച്ച് സംസാരിച്ചപ്പോൾ അദ്ദേഹത്തിന് സർവ്വീസ് വയർ മാറ്റുന്നതുമൂലം, അത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന വീടിന് കുറുകെ വരാൻ സാദ്ധ്യതയുള്ളതിനാൽ സമ്മതമല്ലെന്ന് അറിയിച്ചു. പരാതിക്കാരൻ സർവ്വീസ് കണക്ഷൻ എടുത്തിട്ടുള്ളത് 27-01-2001-ൽ ആണ്. പരാതിക്കാരൻ സ്ഥലം വാങ്ങിയതിനുശേഷം നിലവിലുള്ള സർവ്വീസ് വയറിനു കീഴിലായിട്ടാണ് പ്രസ്തുത ബാത്റൂം നിർമ്മിച്ചിട്ടുള്ളത്.

മേൽ കാരണത്താൽ, പരാതിക്കാരൻ ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ പണമടച്ച് ബാത്റൂമിനു മുകളിലൂടെയുള്ള സർവ്വീസ് ലൈൻ മാറ്റി സ്ഥാപിക്കാവുന്നതാണ്.

CGRF(NR), കോഴിക്കോട്, ശരിയായ രീതിയിൽ നിരീക്ഷണം ചെയ്താണ് പരാതിക്കാരൻെറ ചെലവിൽ പോസ്റ്റും ലൈനും മാറ്റി സ്ഥാപിച്ച് പരാതി പരിഹരിക്കുവാൻ CGRF-ൻെറ 13-09-2022 ഉത്തരവിൽ പറയുന്നത്.

ആയതിനാൽ, പരാതി തിരസ്കരിക്കുവാൻ എതിർകക്ഷി അപേക്ഷിച്ചിരിക്കുന്നു.

## എതിർകക്ഷിയുടെ വാദത്തിനെതിരെയുള്ള പരാതിക്കാരൻെറ വിശദീകരണം

പരാതിക്കാരൻെറ വാദങ്ങളും തെളിവുകളും ശരിയായവണ്ണം പരിശോധിക്കാതെയും യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയുമാണ് പരാതിക്കാരന് എതിരായി CGRF(NR) ഉത്തരവ് പറപ്പെടുവിച്ചിട്ടുള്ളത്.

പരാതിക്കാരൻെറ അയൽവാസിയായ ശ്രീ. ചന്ദ്രൻെറ വീട്ടിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ സർവ്വീസ് ലൈൻ പ്രസ്തുത ലൈൻ അനുവദിച്ച സമയത്തുതന്നെ എവിടെയെല്ലാം സ്ഥാപിച്ച പോസ്റ്റുകളിൽനിന്നാണ് നൽകിയിട്ടുള്ളത് എന്ന് ആധികാരികമായ രേഖകൾ എതൃകക്ഷിയുടെ ഓഫീസിൽതന്നെ നിലവിൽ ഉള്ളതിനാൽ ആയത് പരിശോധിച്ച് പരാതി പരിഹരിക്കുന്നതിനുള്ള യാതൊരു ഉത്തമമായ ശ്രമങ്ങളും നടത്താതെയാണ് പരാതിക്കാരന് എതിരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

പരാതിക്കാരൻ നിലവിലുള്ള വൈദ്യുതി കണക്ഷൻ സർവ്വീസ് ലൈനിൻെറ താഴെ നിർമ്മാണപ്രവൃത്തി നടത്തിയെന്ന എതൃകക്ഷിയുടെ വാദം യാതൊരു നിലയ്ക്കും നിലനിൽക്കുന്നതല്ല. അപ്രകാരം വൈദ്യുതി കണക്ഷൻ ലൈൻ പരാതിക്കാരൻെറ വസ്തുവിലൂടെ നേരത്തെതന്നെ ഉണ്ടായിരുന്നതിൽ പ്രസ്തുത നിർമ്മാണപ്രവൃത്തി നടത്താൻ പരാതിക്കാരന് പഞ്ചായത്തിൽനിന്ന് അനുമതി ലഭിക്കുമായിരുന്നില്ല.

പരാതിക്കാരൻെറ വസ്തുവിലൂടെ ഒരു അവസരത്തിലും അപ്രകാരമുള്ള വൈദ്യുതി കണക്ഷൻ ലൈൻ മുമ്പ് ഉണ്ടായിരുന്നില്ല. പരാതിക്കാരൻെറ അയൽവാസിയായ ശ്രീ. ബാബുവിൻെറ പറമ്പിലുള്ള പോസ്റ്റിൽനിന്നും പരാതിക്കാരൻെറ പറമ്പിൻെറ അതിരിലുള്ള കന്മതിലിൻെറ തെക്കു-കിഴക്കെ മൂലയിലൂടെയാണ് ശ്രീ. ചന്ദ്രൻെറ വീട്ടിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ ലൈൻ കടന്നു പോയിരുന്നത്. ആയത് ടി വീട്ടിലേക്കുള്ള വൈദ്യുതി കണക്ഷൻ ലൈൻ നൽകിയ എസ്റ്റിമേറ്റിനൊപ്പമുള്ള സ്കെച്ച് പരിശോധിച്ചാൽ വ്യക്തമാവുന്നതും അപ്രകാരമുള്ള സ്കെച്ച് എതൃകക്ഷിയുടെ കൈവശം ഉള്ളതുമാണ്. മേൽപ്രകാരം ശ്രീ ബാബുവിൻെറ പറമ്പിലുള്ള പോസ്റ്റ് തെങ്ങ് വീണ് തകർന്നതിനു പകരം പുതിയ പോസ്റ്റ് സ്ഥാപിച്ച അവസരത്തിൽ മുമ്പത്തേതിൽനിന്നും 1½ മീറ്റർ പിറകോട്ട് മാറി സ്ഥാപിച്ചതിനാൽ ആയത് പരാതിക്കാരൻെറ പറമ്പിൽ നിലവിൽ ഉണ്ടായിരുന്ന വിറക് പുരയുടേയും ബാത്റൂമിൻേറയും ചുമരിനോട് തൊട്ട് നിൽക്കുന്ന രീതിയിൽ വൈദ്യുതി കണക്ഷൻ ലൈൻ വരികയാണുണ്ടായത്. അക്കാര്യത്തിൽ അപ്പോൾതന്നെ ആക്ഷേപമുന്നയിച്ച് പഴയ രീതിയിൽ പോസ്റ്റ് സ്ഥാപിക്കണമെന്നും പരാതിക്കാരൻ എതൃകക്ഷി ഓഫിസിൽ പരാതി ബോധിപ്പിച്ച അവസരത്തിൽ അപ്രകാരം നടപടി സ്വീകരിച്ച് പോസ്റ്റ് മാറ്റി സ്ഥാപിച്ച് പരാതി പരിഹരിക്കാമെന്ന് എതൃകക്ഷീ ഓഫസിൽനിന്നും അറിയിച്ചെങ്കിലും പിന്നീട് ആയതനുസരിച്ച് യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയാണുണ്ടായത്.

തുടർന്ന് പരാതിക്കാരൻ CGRF(NR) ന്, തൻെറ അറിവോ സമ്മതമോ കൂടാതെ പറമ്പിന് കുറുകെ വലിച്ച വൈദ്യുതി കണക്ഷൻ പഴയ രീതിയിൽ പുന:സ്ഥാപിച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതി നൽകുകയുണ്ടായി.

നേരത്തേതന്നെ ശ്രീ. ചന്ദ്രൻെറ വീട്ടിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ അനുവദിച്ച സമയത്ത് സ്ഥാപിച്ച പോസ്റ്റുകൾ സംബന്ധിച്ച വിവരണങ്ങൾ എതൃകക്ഷി ഓഫീസിൽ ലഭ്യമാണെങ്കിലും ആയത് ഹാജരാക്കാതെയും പരിശോധിക്കാൻ അവസരം നൽകി വ്യക്തമായ തെളിവ് നൽകാൻ തയ്യാറാവാതെയും എതൃകക്ഷി പ്രവർത്തിച്ചതിൽ പരാതിക്കാരന് സാരമായ കഷ്ടനഷ്ടങ്ങൾ ഉണ്ട്. എതൃകക്ഷി നീതി നിഷേധിക്കുകയാണുണ്ടായിട്ടുള്ളത്.

CGRF(NR) പരാതികേട്ട ശേഷം, വ്യക്തമായ തെളിവുകൾ ഹാജരാക്കാൻ എതൃകക്ഷിക്ക് നിർദ്ദേശം നൽകുകയോ മതിയായ തെളിവ് അനുസരിച്ച് തർക്ക പരിഹാരനിവൃത്തി ഉണ്ടാക്കുവാനോ യാതൊരു ശ്രമവും നടത്തിയിട്ടുമില്ല.

മേൽ കാരണങ്ങളാൽ പരാതിക്കാരൻെറ വാദങ്ങൾ പരിഗണിച്ച് പരാതിക്കാരൻെറ പറമ്പിൽകൂടി പോവുന്ന വൈദ്യുതി കണക്ഷൻ ലൈൻ മാറ്റി കിട്ടുവാനായി ഉചിതമായ നടപടി സ്വീകരിച്ച് ഉത്തരവുണ്ടാകുവാൻ അപേക്ഷിച്ചിരിക്കുന്നു.

**അവലോകനം**

ഈ കേസിൻെറ വാദം 06-12-2022-ൽ കോഴിക്കോട് PWD റെസ്റ്റ് ഹൗസിൽ വച്ച് കേൾക്കുകയുണ്ടായി. പരാതിക്കാരനു വേണ്ടി Adv. നികിത പാലക്കലും എതിർകക്ഷിക്കു വേണ്ടി ശ്രീമതി. കെ.ആർ. ലത, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറും പങ്കെടുത്തു.

പരാതിക്കാരനായ ശ്രീ. P.P. കിഷോർ കുമാർ വൈദ്യുതി കണക്ഷൻ എടുത്തിരിക്കുന്നത് 27-01-2001-ൽ ആണ്. എന്നാൽ അയൽവാസിയായ കീഴാരിത്താഴെ ചന്ദ്രൻ ലൈസൻസിയുടെ ഉപഭോക്താവായിരിക്കുന്നത് 10-08-1994-ലും മറ്റൊരയൽ വാസിയായ ശ്രീ. ബാബുരാജ് ഉപഭോക്താവായത് 23-06-1994-ലും ആണ്.

പരാതിക്കാരൻ സമർപ്പിച്ചിരിക്കുന്ന പഞ്ചായത്തിൽ സർട്ടിഫിക്കറ്റ് പ്രകാരം അദ്ദേഹത്തിൻെറ കെട്ടിടത്തിന് 22 വർഷം പഴക്കം ഉണ്ട് എന്നു കാണുന്നു. ഇത് എതൃകക്ഷിയുടെ വാദം (കണക്ഷൻ 2001-ൽ) സാധൂകരിക്കുന്നു. പരാതിക്കാരൻ പറഞ്ഞിരിക്കുന്നത് നേരത്തേ സ്ഥാപിച്ചിരുന്ന പോസ്റ്റ് ഒടിഞ്ഞു പോയെന്നും അതിനു പകരമായി സ്ഥാപിച്ച പോസ്റ്റ് 1½ മീറ്റർ മാറിയെന്നുമാണ്. ഇത് സംഭവിച്ചത് എന്നാണെന്നോ അതിന് ഉപോദ്ബലകമായ മറ്റ് തെളിവുകളോ സമർപ്പിക്കാൻ പരാതിക്കാരന് കഴിഞ്ഞിട്ടില്ല. എതൃകക്ഷിയുടെ രേഖകളിൽ അങ്ങനെ ഒന്നും നടന്നതായി കാണുന്നില്ല എന്നാണ്. 2017-ൽ പരാതിക്കാരൻ അസിസ്റ്റൻറ് എൻജിനീയർക്കും, എക്സിക്യൂട്ടീവ് എൻജിനീയർക്കും നൽകിയ പരാതിയുടെ പകർപ്പ് മാത്രമേ നൽകിയിട്ടുള്ളു. അതിൽ നിന്നും ഒരു നിഗമനത്തിലെത്താൻ കഴിയില്ല. 20-09-2011-ൽ ചേമഞ്ചേരി പഞ്ചായത്ത് നൽകിയിട്ടുള്ള ഒരു ബിൽഡിംഗ് പെർമിറ്റ് പ്രകാരം വീടിന് ചില പുതിയ നിർമ്മിതികൾകൂടി ചേർത്തതായി കാണാം. ഇതൊന്നും പോസ്റ്റ് മാറ്റി സ്ഥാപിച്ചതിനോ സർവ്വീസ് ലൈൻ അനധികൃതമായി വലിച്ചതിനോ ഉള്ള തെളിവല്ല. എതിർകക്ഷി പറഞ്ഞിരിക്കുന്നതും CGRFൻെറ ഉത്തരവും പ്രകാരം പരാതിക്കാരൻ ചെലവു വഹിക്കുകയാണെങ്കിൽ ഇവ മാറ്റി സ്ഥാപിക്കാമെന്നാണ് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ വിഭാഗം 95 പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കുന്നതിനു പാലിക്കേണ്ട നിബന്ധനകൾ പ്രതിപാദിക്കുന്നു. അതുപ്രകാരം പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചാൽ ആ നിബന്ധനകൾക്കനുസൃതമായി ലൈൻ മാറ്റി സ്ഥാപിക്കാവുന്നതാണ്. ഇതിൽ പ്രധാനമായും (1) ചെലവ് പരാതിക്കാരൻ വഹിക്കുക (2) ലൈനോ പോസ്റ്റോ സ്ഥാപിക്കേണ്ട സ്ഥലമുടമകളുടെ അനുമതി പത്രം ലഭ്യമാക്കണം. (3) സാങ്കേതികമായി മാറ്റാൻ കഴിയുന്നതായിരിക്കണം.

**<u>തീരുമാനം</u>**

1) CGRF(NR) ൻെറ ഉത്തരവ് ശരിവയ്ക്കുന്നു.

2) നിലവിലെ സർവ്വീസ് വയർ വലിച്ചുകെട്ടി പരമാവധി ക്ലിയറൻസ് കിട്ടത്തക്കവിധം നിർത്താൻ ലൈസൻസി നടപടി സ്വീകരിക്കുക.

പരാതി മേൽപ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/074/2022/ തീയതി .

<u>അയക്കുന്നത്</u>:

1) ശ്രീ. P.P. കിഷോർ കുമാർ, ശ്രീശൈലേശ്വരി നിലയം, കീഴരിത്താഴെ, കാട്ടിലപീഡികാ, വെങ്ങളം പി.ഒ., കോഴിക്കോട് ജില്ല - 673302
2) അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ.ഇ.ബി. ലിമിറ്റഡ്, കൊയിലാണ്ടി നോർത്ത് കോഴിക്കോട് ജില്ല.

<u>പകർപ്പ് സമാർപ്പിക്കുന്നത്:</u>

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ള യമ്പലം, തിരുവനന്തപുരം – 10.
2. സെക്രട്ടറി, കെ.എസ.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 4.
3. ചെയർ-പേർസൺ, CGRF-NR, വൈദ്യുതി ഭവനം, കെ.എസ.ഇ.ബി. ലിമിറ്റഡ്, ഗാന്ധി റോഡ്, കോഴിക്കോട്.